പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 930

14.06.2012-ലെ മറുപടിക്ക്.

## വിദ്യാഭ്യാസ അവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും 8-ാം ക്ലാസ്സുവരെ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ്സ് കയറ്റം നൽകുകയുണ്ടായോ;<br>(ബി) ഇപ്രകാരം ക്ലാസ്സ് കയറ്റം കിട്ടിയ മുഴുവൻ വിദ്യാർത്ഥികൾക്കും 'എ പ്ലസ്' നൽകുകയുണ്ടായോ; എങ്കിൽ ഇത് കുട്ടികളുടെ വിദ്യാഭ്യാസ അഭിരുചിയെ പിന്നോട്ടടിക്കുന്ന സമ്പ്രദായമല്ലേ; വ്യക്തമാക്കുമോ; | (എ) യും (ബി) യും:<br>വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് എട്ടാം ക്ലാസുവരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ്സ് കയറ്റം നൽകാൻ നിർദ്ദേശിച്ച് 28.03.12-ലെ ജി.ഒ. (പി) 99/12/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) എട്ടാം ക്ലാസ്സ് വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ആൺ പെൺ വ്യത്യാസമോ, സാമ്പത്തിക പരിഗണനയോ നോക്കാതെ മുഴുവൻ കുട്ടികൾക്കും പാഠപുസ്തകം സൗജന്യമായി നൽകിയിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ എത്ര ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും ആയതിലേക്ക് ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; ഇത് പത്താം ക്ലാസ്സ് വരെ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ഡി) 28 ലക്ഷം കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് 43 കോടി രൂപ എസ്.എസ്.എ. ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 8-ാം തരം വരെയുള്ള കുട്ടികൾക്കു മാത്രമേ എസ്.എസ്.എ യുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ. |

| | | | |
|---|---|---|---|
| (ഇ) | 8-ാം ക്ലാസ്സുവരെ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും എസ്.സി./എസ്.ടി. ബി.പി.എൽ. വിഭാഗത്തിലെ ആൺകുട്ടികൾക്കും ഈ അദ്ധ്യയന വർഷത്തിൽ എത്ര ജോഡി യൂണിഫോം നൽകുകയുണ്ടായി; ആയതിലേയ്ക്ക് ചെലവഴിച്ച തുക എത്ര; | (ഇ) | രണ്ട് ജോഡി യൂണിഫോം നൽകിയിട്ടുണ്ട്. ഇതിലേയ്ക്ക് സർക്കാർ 37 കോടി രൂപ അംഗീകരിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ട് സെറ്റിൽ ചെയ്യാത്തതുകൊണ്ട് ചെലവിനത്തിലെ കൃത്യമായ കണക്ക് ഇപ്പോൾ ലഭ്യമല്ല. |
| (എഫ്) | സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന എയ്ഡഡ് സ്കൂളുകളെ യൂണിഫോം പദ്ധതിയിൽ നിന്നും ഒഴിവാക്കിയതെന്തുകൊണ്ട്; വിശദമാക്കാമോ? | (എഫ്) | കേന്ദ്രമാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ അംഗീകാരം കിട്ടാത്തതുകൊണ്ടാണ് എയ്ഡഡ് സ്കൂളുകളെ യൂണിഫോം പദ്ധതിയിൽ നിന്നും ഒഴിവാക്കിയത്. |

സെക്ഷൻ ഓഫീസർ